മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഡിസംബർ 2

# വാർത്താക്കുറിപ്പ്

---

## സെനറ്റ് തെരഞ്ഞെടുപ്പ്: വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാല സെനറ്റ് പുന:സംഘടിപ്പിക്കുന്നതിന് മുന്നോടിയായി കോളജ് പ്രിൻസിപ്പൽമാർ, നിയമസഭാ സാമാചികർ, സർവകലാശാലാ പഠന വകുപ്പിലെ അധ്യാപകർ, സർവകലാശാലയോടു അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവണ്മെന്റ് കോളജ്, പ്രൈവറ്റ് കോളജ് അധ്യാപകർ, അധ്യാപക വിഭാഗം ജീവനക്കാർ, മാനേജർമാർ, സർവകലാശാലാ അധികാര പരിധിക്കുള്ളിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മേയർ,ചെയർമാൻ,പ്രസിഡന്റുമാർ, ട്രേഡ് യൂണിയൻ നേതാക്കൾ, സർവകലാശാലയിലെ അനധ്യാപക വിഭാഗം ജീവനക്കാർ എന്നിവരുടെ മണ്ഡലങ്ങളിലേയ്ക്കുള്ള പ്രഥമിക വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു.

വോട്ടർ പട്ടിക സംബന്ധിച്ച പരാതികൾ അനുബന്ധ രേഖകൾ സഹിതം ഡിസംബർ 17 വരെ വരണാധികാരി മുൻപാകം സമർപ്പിക്കാം. പരിശോധനയ്ക്കായി വോട്ടർ പട്ടിക സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ./39/16 95/2022)

## ലാബ് ടെക്നീഷ്യൻ

മഹാത്മാ ഗാന്ധി സർവകലാശാല ഹെൽത്ത് സെൻററിൽ ലാബ് ടെക്നീഷ്യൻ തസ്തികയിൽ ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

പ്രതിമാസ പ്രതിഫലം 24,040 രൂപ.

ബി.എസ്.സി. എം.എൽ.റ്റി. യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.

താല്പര്യമുള്ളവർ ബയോഡേറ്റയും സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം soada3@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് ഡിസംബർ 10 നകം അപേക്ഷ അയയ്ക്കണം. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.mgu.ac.in).

(പി.ആർ.ഒ./39/16 96/2022)

## പരീക്ഷാ ഫലം

എം.എസ്.സി മാത്തമാറ്റിക്സ് (പ്രൈവറ്റ് - 2019 അഡ്മിഷൻ - സെപ്റ്റംബർ 2021) മൂന്ന്, നാല് സെമസ്റ്റർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 16 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/16 97/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**